മണിമല ആറിലെ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന സ്കീം

69 (294) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിമല ആറ്റിൽ നിന്നും വെള്ളം എടുത്ത് ശുദ്ധീകരിച്ച് പള്ളിത്തോട്ടം പഞ്ചായത്തിൽ ശുദ്ധജലവിതരണം ചെയ്യുവാനുള്ള സ്കീമിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സ്കീമിന് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം അനുമതി വാങ്ങുവാനും സ്കീമിന്റെ പണി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ഡി) അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ സ്കീമിന്റെ പണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മണിമലയ്ക്കുർ സമീപ പഞ്ചായത്തുകൾക്കും വേണ്ടി മണിമല ആറ്റിൽ നിന്നും വെള്ളമെടുത്ത് ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ വിഭാവനം ചെയ്തിട്ടുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ 2-ാം ഘട്ടത്തിൽ (ആനിക്കാട് വില്ലേജ്) പള്ളിക്കത്തോട് പഞ്ചായത്ത് പ്രദേശവും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്ക് 627 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) എൽ.ഐ.സി.യുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പദ്ധതിയുടെ റിപ്പോർട്ട് എൽ.ഐ.സി.യിൽ നിന്നും വായ്പ ലഭ്യമാക്കുവാൻ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ശുദ്ധീകരണശാല, ജലസംഭരണി ഇവയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പിറവം നിയോജകമണ്ഡലത്തിലെ ശുദ്ധജല പദ്ധതികൾ

70 (295) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിൽ 1991 മേയ് മാസം മുതൽ 2001 ജനുവരി 31 വരെ എത്ര ശുദ്ധജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അവ ഏതെല്ലാം ; അവ ഓരോന്നും കമ്മീഷൻ ചെയ്ത തീയതി വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതി പ്രകാരവും ഏതെല്ലാം പഞ്ചായത്തുകളിൽ എത്രപേർക്ക് ശുദ്ധജലം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട് ;

(സി) പിറവം നിയോജകമണ്ഡലത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ശുദ്ധജല പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly